Lalth Babu

**Approve ചെയ്ത Building Plan ന്റെ പകർപ്പ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടാൽ നൽകണം**

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 276(3)/2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ച തീയതി : 12.08.2021

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീമതി ഗിരിജ കുമാരി പി. സി.,
സ്വാതി,
കൊടോളിപ്രം,
പട്ടാനൂർ പി. ഒ.,
കണ്ണൂർ – 670 595. } അപ്പീൽ ഹർജിക്കാരി

Vs

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ചെങ്ങളായി ഗ്രാമ പഞ്ചായത്ത് കാര്യാലയം,
ചെങ്ങളായി പി. ഒ.,
കണ്ണൂർ – 670 631.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ – 670 002. } എതിർകക്ഷിക

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 17.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 27.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.11.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 28.02.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 01.03.2021 |

12.08.2021 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹ അപ്പീൽ ഹർജിക്കാരിയും, ചെങ്ങളായി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സ്റ്റേ ൻഫർമേഷൻ ഓഫീസറും (എസ്.പി.ഐ.ഒ.) കമ്മീഷൻ മുമ്പാകെ ടെ ഖേന നൽകിയ മൊഴികളും കമ്മീഷനിൽ സമർപ്പിക്കപ്പെട്ട രേഖകളും ിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) ചെങ്ങളായി പഞ്ചായത്തിൽ 13 – ാം വാർഡിൽ ശ്രീ. അജയൻ ടി. (തോട്ടത്തിൽ), S/o. ആനക്കൈ കോറോത്ത് പത്മനാഭൻ കൊയ്യത്ത് നിർമ്മിച്ച 195 A നമ്പർ വീടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ച കെട്ടിട നിർമ്മാണ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവയുടെ പകർപ്പും ടാക്സ് അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിക്കുവാനുള്ള അനുവാദവും ആവശ്യപ്പെട്ടുകൊണ്ട് ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ എസ്.പി.ഐ.ഒ. യ്ക്ക് വിവരാവകാശ അപേക്ഷ സമർപ്പിച്ചെങ്കിലും ടാക്സ് അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിക്കുവാനുള്ള അനുമതി മാത്രമെ ലഭിച്ചുള്ളൂവെന്നും, കെട്ടിട നിർമ്മാണ പ്ലാനും സൈറ്റ് പ്ലാനും മൂന്നാം കക്ഷി വിവരമായതിനാൽ അനുവദിക്കുവാൻ ആവുകയില്ലെന്ന് എസ്.പി.ഐ.ഒ. മറുപടി നൽകിയതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും ഹർജിക്കാരന്റെ ആവശ്യത്തിൽ പൊതു താൽപ്പര്യമുണ്ടോ എന്ന് പരിശോധിച്ച് എസ്.പി.ഐ.ഒ. തീരുമാനമെടുക്കണം എന്ന ഉത്തരവോടെ ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കിയെങ്കിലും ആവശ്യപ്പെട്ട വിവരം ലഭിച്ചില്ല എന്നാണ് ഹർജിക്കാരിയുടെ ആരോപണം.

3) Ferani Hotels Pvt. Ltd. Vs. The State Information Commissioner Maharashtra and Ors. (Civil Appeal No. 9064-9065 of 2018) എന്ന കേസ്സിൽ ബഹു സു... ...പ്രീംകോടതി ഉത്തരവായിരിക്കുന്നത് കെട്ടിട നിർമ്മാണ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ ഒരു... ...ാദ സ്വയം ഭരണ സ്ഥാപനം അംഗീകരിച്ചു കഴിഞ്ഞാൽ അത് വിവരാവകാ... നിം... ...ാരം വെളിപ്പെടുത്താവുന്നതാണ് എന്നാണ്. ബഹു. സുപ്രീം കോടതിയ... മുക്കാ... ...ാറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമത്തിലെ വക... ...പ്രകാരമുള്ള യാതൊരു സംരക്ഷണവും അത്തരം വിവര... വെ... ...ത്താതിരിക്കുന്നതിന് ലഭിക്കുകയില്ല. ആയതിനാൽ ഹർജിക്കാരി ആവ... വിവ... ...ൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 15 ദിവസത്തിനകം ടി... സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

എസ്. സോമനാ...
വിവരാവകാശ ക...

...TE INFORMATION COMMISSION ... THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STV